# ആമുഖം<u>മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യല് ഓഡിറ്റ് റിപ്പോര്ട്ട്</u>

ജില്ല: തിരുവനന്തപുരം

ബ്ലോക്ക് : വാമനപുരം

പഞ്ചായത്ത് : നെല്ലനാട്

വാര്ഡ് : 1, കോട്ടുകുന്നം

സോഷ്യല് ഓഡിറ്റ് പീരീഡ്: 01-10-2018 to 31-03-2019

റിപ്പോര്ട്ട് തയ്യാറാക്കിയത്

മോനിഷ എം. പി

വില്ലേജ് റിസ്സോഴ്സ് പേഴ്സൺ **വാമനപുരം** ബ്ലോക്ക്

---

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യല് ഓഡിറ്റ് സൊസൈറ്റി കേരള _(MGNSASK)

## 2018-19

---

**ആമുഖം**

ഇന്ത്യയിൽ സാധാരണക്കാരായ ജനങ്ങളുടെ തൊഴിൽ ചെയ്യുവാനുള്ള അവകാശത്തെ സംരക്ഷിച്ച് നിലനിർത്തുന്നതിനായി 2005 സെപ്റ്റംബർ അഞ്ചാം തീയതി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിലവിൽ വന്നു. അവിദഗ്ദ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള ഗ്രാമപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു സാമ്പത്തിക വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ ഉറപ്പാക്കുന്നതോടൊപ്പം ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉൽപാദനക്ഷമവുമായ ആസ്തികളുടെ സൃഷ്ടിയാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം.ദരിദ്രരുടെ ഉപജീവനവും ആയി ബന്ധപ്പെട്ട വിഭവാടിത്തറ ശക്തിപ്പെടുത്തുകയും സാമൂഹികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കുടുംബങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുകയും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുക എന്നതും ഇതിൻറെ ലക്ഷ്യമാണ്.

സവിശേഷതകൾ

നിയമത്തിൻറെ പിൻബലമുള്ള അവകാശാധിഷ്ഠിതപദ്ധതി

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന 18 വയസ്സ് പൂർത്തിയായ ഏതൊരാൾക്കും പദ്ധതിയിൽ പങ്കാളിയാകാം
സ്ത്രീക്കും പുരുഷനും തുല്യ വേതനം

പരിസ്ഥിതി സംരക്ഷണം കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്ക് മുൻഗണന

തൊഴിലാളികൾ തന്നെ പ്രവർത്തികൾ കണ്ടെത്തുകയും ആസൂത്രണത്തെ സഹായിക്കുകയും ചെയ്യുന്നു

ആസൂത്രണത്തിലും നിർവഹണത്തിലും തികഞ്ഞ സുതാര്യത

കരാറുകാരെ ഇടനിലക്കാരോ ഇല്ല

പൊതുജന പങ്കാളിത്തത്തോടെ ലേബർ ബഡ്ജറ്റ്

ബാങ്ക് പോസ്റ്റോഫീസ് വഴി മാത്രം വേതന വിതരണം

സ്ത്രീകൾക്ക് മുൻഗണന

കമ്പ്യൂട്ടർ ശൃംഖല വഴിയുള്ള മോണിറ്ററിംഗ് സംവിധാനം

ഗ്രാമസഭ പദ്ധതി ഓഡിറ്റ് ചെയ്യുന്നു

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന മുഴുവൻ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിങ്ങിനു വിധേയമാക്കണമെന്ന17(2) വകുപ്പ് നിഷ്കർഷിക്കുന്നു പദ്ധതി പ്രവർത്തന

ത്തെപ്പറ്റിയും പൊതു ധനംചിലവഴിക്കുന്നതിനെപ്പറ്റിയും പൗര സമൂഹം നടത്തുന്ന  പരസ്യവും സ്വതന്ത്രവുമായ പരിശോധനയാണ് ആണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക പരിശോധന .തൊഴിലുറപ്പ് നിയമപ്രകാരം വർഷത്തിൽ രണ്ടുതവണ സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എല്ലാ വാർഡിലും കൃത്യമായി നടത്തേണ്ടതാണ്സോഷ്യൽ ഓഡിറ്റ് ലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും കാര്യക്ഷമത വർധിപ്പിക്കുന്നതിന്  സത്ഭരണം ഉറപ്പാക്കുന്നതിനും കഴിയുന്നു.പദ്ധതി പണം ശരിയായ രീതിയിൽ ചിലവഴിച്ചിട്ടുണ്ട് എന്നും പണം ചെലവഴിച്ച് അതുകൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ട് എന്നും ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഗുണകരമായും  കാര്യമായ മാറ്റം ഉണ്ടായിട്ടുണ്ട് എന്ന് സോഷ്യൽ കണ്ടെത്താൻ കഴിയുന്നു

പദ്ധതി ആസൂത്രണ്ണം. നിര്വഹണം, മോണിറ്ററിംഗ് തുടങ്ങി എല്ലാ വ്യക്തികളും സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയിൽ നിർബന്ധമായും പങ്കെടുക്കണം.മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പ ദ്ധതിയിൽ  സുഗമവും സുതാര്യവുമായി സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന്  കേരളത്തിൽ  സ്വതന്ത്ര ചുമതലയുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റ് നിലവിൽവന്നു

1.രീതിശാസ്ത്രം

സോഷ്യൽ ഓഡിറ്റ് റിസോഴ്സ്   പെര്സണ്  പ്രവർ ത്തി ഫയൽ പരിശോധന, ഫീൽഡ് സന്ദർശനം, തൊഴിലാളികളും ആയുള്ള അഭിമുഖം, എം ഐ എസ് പരിശോധന എന്നിവയെ അടിസ്ഥാനമാക്കിയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. താഴെ പറയുന്ന രീതി അവലംബിച്ചാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഓഡിറ്റ് പ്ലാൻ

- ഓഡിറ്റ്  പ്ലാന്  തയ്യാറാക്കല്
- ഓഫീസ് സന്ദർശന പരിപാടികൾ

അഭിമുഖം

- ബിഡിഒ, പഞ്ചായത്ത് പ്രസിഡൻറ്, ജനപ്രതിനിധികൾ, സെക്രട്ടറി & സ്റ്റാഫ്
- മേറ്റ്, തൊഴിലാളികൾ, കർഷകർ,

ഫയൽ പരിശോധന

- പൊതു പ്രവർത്തികൾ,
- രേഖകളുടെ ഉള്ളടക്കം - സുതാര്യത, പരിപൂർണ്ണത

ഫീൽഡ് സന്ദർശനം, നിരീക്ഷണം

റഫറൻസ്

വികസനരേഖ, വാർഷിക പദ്ധതി രേഖ, എംഐഎസ്, രജിസ്റ്ററുകൾ

വിവരങ്ങളുടെ ക്രോഡീകരണം

ക്രോസ് വെരിഫിക്കേഷൻ, അവസാനവട്ട ചർച്ച

കരട് റിപ്പോർട്ട് തയ്യാറാക്കൽ

## ഓഡിറ്റിംഗിന് വിധേയമാക്കിയ പ്രവർത്തികൾ

- **LD/245959**-ഗ്രന്ഥശാല പ്രദേശത്ത് മണ്ണ് ജല സംരക്ഷണം പ്രവർത്തികൾ
- **LD/LD/245974**-പടന്നപാറ പ്രദേശത്ത് മണ്ണ് ജല സംരക്ഷണം.
- **LD/245961**-പൂവണതുംമൂട് പ്രദേശത്ത് മണ്ണ് ജല സംരക്ഷണം
- **LD/245969**-മുടിയൂർകോണം പ്രദേശത്ത് മണ്ണ് ജല സംരക്ഷണം
- **LD/245965**-ശിവക്ഷേത്രം പ്രദേശത്ത് മണ്ണ് ജല സംരക്ഷണം

### ഫയൽ തലം

വാർഷിക മാസ്റ്റർ സർക്കുലർ പ്രകാരം ഒരു ഫയൽ ലിൽ പ്രധാനമായും 22 രേഖകൾ ഉണ്ടായിരിക്കണം. അവ

1.കവർ പേജ്

2.ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ്

3.ആക്ഷൻ പ്ലാനിങ് ന്റെ കോപ്പി

4.സാങ്കേതിക അനുമതി

5.ഭരണാനുമതി

6.വിശദ എസ്റ്റിമേറ്റ്

7.ഡ്രോയിംഗ് ആൻഡ് ഡിസൈൻ

8.ഡിമാൻഡ് ഫോം

9.അലോക്കേഷൻ

10.ഈ മസ്റ്റർറോൾ

11. മസ്റ്റർറോൾ മൂവേമെന്റ്

12.വെജ് ലിസ്റ്റ്

13.ഫണ്ട് ട്രാൻസ്ഫർ ഓർഡർ

14.മെഷർമെന്റ് ബുക്ക്

15. മെറ്റീരിയൽ പ്രൊക്യുർമെന്റ്

16.മെറ്റീരിയൽ ബിൽ & വൗച്ചർ

17.റോയൽറ്റി പേയ്മെന്റ്

18.ത്രീ സ്റ്റേജ് ഫോട്ടോഗ്രാഫർ

19.ജിയോ ടാഗ് ഫോട്ടോഗ്രഫി

20.പ്രവർത്തി പൂർത്തികരണ സർട്ടിഫിക്കറ്റ്

21.സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്

22.സൈറ്റ് ഡയറി

**<u>രജിസ്റ്റര് പരിശോധന</u>**

കേന്ദ്രസര്ക്കാരിന്റെ നിര്ദേശ പ്രകാരം താഴെ പറയുന്ന ഏഴു രജിസ്റ്റര് നിര്ബന്ധമായും ഗ്രാമപഞ്ചായത്തില് സൂക്ഷിക്കേണ്ടതാണ്. AMC പ്രകാരമുള്ള 7 രജിസ്റ്ററുകളും ഉണ്ടായിരുന്നു.അവ താഴെ പറയ്യുന്നു.

തൊഴിൽ കാർഡ് രജിസ്റ്റർ

ഗ്രാമസഭ രജിസ്റ്റർ

തൊഴില് അപേക്ഷാ രജിസ്റ്റര്

വർക്ക് രജിസ്റ്റർ

ആസ്തി രജിസ്റ്റർ

പരാതി രജിസ്റ്റർ

മെറ്റീരിയൽ രജിസ്റ്റർ

ഇവയെല്ലാം മാതൃകാപരമായ രീതിയിൽ പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നത് അഭിനന്ദാർഹമാണ്.

**ഫയൽ പരിശോധന**

പരിശോധനയ്ക്കു വിധയ മാക്കിയ 5 ഫയൽ ലുകളിലും ഉണ്ടാകേണ്ട വാർഷിക പ്ലാൻ ആക്ഷൻ, ഡ്രോയിംഗ് ആൻഡ് ഡിസൈനിങ്, മസ്റ്റർ മൂവേമെന്റ് കോപ്പി, FTO, മെറ്റീരിയൽ പ്രൊക്യൂർമെന്റ്, മെറ്റീരിയൽ ബിൽ വൗച്ചർ,, ജിയോ ടാഗ് ഫോട്ടോ എന്നീ 7 രേഖകൾ ഒരു ഫയലിലും കാണാൻ സാധിച്ചില്ല. എസ്റ്റിമേറ്റ്, കവർ പേജ്, ചെക്ക് ലിസ്റ്റ് ഓഫ് ഡോക്യുമെന്റ് യിൽ പേജ് നമ്പർ രേഖ പെടുത്തി രുന്നില്ല. രേഖകളിൽ ഉദ്യോഗസ്ഥർ ഒപ്പിനൊപ്പം തീയതി രേഖ പെടുത്തി രുന്നില്ല. എല്ലാ ഫയൽ കളിലും CIBയ്ക്ക് തുക വകവരുതി ട്ടുണ്ട്. പ്രാദേശിക ഭാഷ യിലുള്ള എസ്റ്റിമേറ്റ് ഉണ്ടായിരുന്നു.

**സ്ഥല പരിശോധന**

മേല്പറഞ്ഞ പരിശോധന യുടെ അടിസ്ഥാനത്തിൽ പ്രവർത്തി സ്ഥലങ്ങൾ സന്ദർ ശി കുക യുണ്ടായി.

**LD/245959 ഗ്രന്ഥശാല പ്രേദേശത് മണ്ണ് ജല സംരക്ഷണം**. എം ബുക്ക് പ്രകാരം 2, 70993.45 രൂപ യാണ് ഈ പ്രേവര്‍ത്തിക്കായി ചിലവഴിച്ചത്. 2200 രൂപ ഡിസ്‌പ്ലേ ബോർഡ് നായി ചിലവാക്കി. ഈ ഫയൽ ലിലെ പ്രവർത്തനങ്ങൾ

*17 മഴ കുഴികൾ, 15കമ്പോസ്റ്റ്, കല്ലു കയ്യാല ക്ക് വാനാം വെട്ടൽ, ജൈവ വേലി മണ്ണു ബന്ധു, തട്ടു തിരിക്കാൻ, എന്നിവയാണ്. എന്നാൽ സ്ഥല പരിശോധന യിൽ 13 മഴ കുഴികൾ ആണ് കാണുവാൻ സാധിച്ചത്. ഒരു മഴ കുഴി ക്ക് 1.2*145=174.96 rs അങ്ങനെ യുള്ള 4 മഴ കുഴികൾ ഉണ്ടായിരന്നില്ല. പൊതു നഷ്ടം =699.84rs

12 കമ്പോസ്റ്റ് കുഴികൾ ആണ് കാണാൻ സാധിച്ചത്. ഒരു കമ്പോസ്റ്റ് കുഴി ക്ക് ചില വായത് 3*3*1.500=13.5 quantity 13.5*145.8=1968.3rs

അത്തരത്തിൽ ഉള്ള 3കമ്പോസ്റ്റ് കുഴി കൾ കാണാൻ സാധിച്ചില്ല.

3*1968.3=5904.9rs.പൊതു നഷ്ടം.

ആകെ =6604.74rs പൊതു നഷ്ടം.

ഈ സൈറ്റിൽ പൂർണമായും പൂർത്തി കരിച്ച CIB കാണാൻ സാധിച്ചു.

**LD/245961 -പൂവണത്തും മൂട് പ്രേദേശത് മണ്ണു ജല സംരക്ഷണം**

ഇവിടെ 22മഴ കുഴികൾക്കു പകരം 7മഴക്കുഴികൾ മാത്രമാണ് കാണാൻ സാധിച്ചത്. ഒരു മഴക്കുഴിക് 174. 96എന്ന കണക്കിൽ 15 മഴക്കുഴി കൾക്ക് **2624.4rs പൊതു നഷ്ടം.** 16കമ്പോസ്റ്റ് കുഴികൾക്കു പകരം 5 കമ്പോസ്റ്റ് മാത്രമാണ് കാണാൻ സാധിച്ചത്. 11കമ്പോസ്റ്റ് കുഴിക്കു **1968.3*11=21, 651rs പൊതു നഷ്ടം.** മണ്ണു കയ്യാല കളും കല്ലു കെട്ടുകളും കാണാൻ സാധിച്ചെങ്കിലും ഭാഗിക മായി തകർന്ന അവസ്ഥയിൽ ആയിരുന്നു. എം ബുക്കിൽ ഡിസ്‌പ്ലേ ബോർഡിനായി 2200rs അനുവദിച്ചു. എന്നാൽ 100rs വീതം തൊഴിലാളി കളിൽ നിന്നും പിരിച്ചാണ് വാങ്ങിയതെന്ന് അറിഞ്ഞു.

**LD/245974-പടന്ന പാറ പ്രേദേശത് മണ്ണു ജല സംരക്ഷണം.**

എം ബുക്ക് പ്രേകാരം ഇതിന് ചില വായ തുക 53300rs 5മഴ കുഴി, 3combost, കല്ലുകെട്ടു എന്നിവ യായിരുന്നു പ്രേവർത്തികൾ. മഴ കുഴികളും കമ്പോസ്റ്റും ഭാഗികമായി മൂടിയ അവസ്ഥ യിലായിരുന്നു. CIB ക്കായി 2200rs m.ബുക്കിൽ രേഖ പെടുത്തി രുന്നു. എന്നാൽ ഈ സൈറ്റിൽ CIB കാണാൻ സാധിച്ചില്ല.

**LD/245965-ശിവ ക്ഷേത്രം പ്രേദേശത് മണ്ണ് ജല സംരക്ഷണം**

എം ബുക്ക് പ്രേകാരം 2, 79260.27 rs ചില വായ തായി കണ്ടു. മണ്ണു കയ്യാല, മണ്ണു ബണ്ട്, തട്ടു തിരിക്കൽ, മഴ കുഴി, കമ്പോസ്റ്റ്, കല്ലു കയ്യാ ലക്ക് വാനം വെട്ട് എന്നിവ യാണ് പ്രേവർത്തികൾ. CIB 2200rs ചില വാക്കി. CIB സൈറ്റിൽ കാണാൻ സാധിച്ചു.

മഴ കുഴികൾ കാണാൻ സാധിച്ചു. 22 മഴ കുഴികളാണ് എടുകേണ്ടിരുന്നത്

**11*174.96=1, 924.56rs നഷ്ടം.** 16 കമ്പോസ്റ്റ് കൾക്ക് പകരം 6 കമ്പോസ്റ്റ് ആണ് കാണാൻ സാധിച്ചത്. **10*1968.3=19683rs നഷ്ടം. എന്നിരുന്നാലും ഈ** സൈറ്റിൽ വളരെ നല്ല രീതിയിൽ കല്ലുകയ്യാല കളും മണ്ണു കയ്യാലകളും കാണാൻ സാധിച്ചു. അത് അഭിനന്ദാർഹമാണ്.

**LD/245969-മുടിയൂർ കോണം പ്രേദേശത് മണ്ണ് ജല സംരക്ഷണം** 10 പേരുടെ പുരയിടങ്ങളിലായിട്ടാണ് ഈ പ്രേവർത്തി പൂർത്തി കരിച്ചത്. എം ബുക്ക് പ്രേകാരം 217463.50rs യും CIB യ്ക്കായ് 2200rs അനുവദിച്ചിരിക്കുന്നു . എന്നാൽ CIB കാണാൻ സാധിച്ചില്ല. 12മഴ കുഴികൾക്കു പകരം 7 മഴ കുഴികൾ കാണാൻ സാധിച്ചത്. 5*174.96=874.8rs നഷ്ടം.

7കമ്പോസ്റ് കൾക്ക് പകരം 5കമ്പോസ്റ് കാണാൻ സാധിച്ചു. 2*1968.3=3,
936.6rs.മണ്ണ് കയ്യാലകളും കല്ല് കയ്യാലകളും ജൈവ വേലിയും തകർന്ന അവസ്ഥ യിൽ ആയിരുന്നു. ഇത്തത്തിലുള്ള നഷ്ടം ങ്ങൾ കണ്ടിരുന്നെങ്കിൽ ലും മറ്റു പ്രേവര്ത്തനങ്ങൾ കാര്യാ ക്ഷേമമായി ചെയ്യ്തിരിക്കുന്നത് കാണാൻ സാധിച്ചു.
**ആകെ നഷ്ടം =57299.1rs.**

## തൊഴിൽ കാർഡ് പരിശോധന

കോട്ടുകുന്നം വാർഡിൽ 323ആക്റ്റീവ് തൊഴിൽ കാർഡാണ് നിലവിൽ ഉള്ളത്. അതിൽ ഓഡിറ്റിംഗ് ന്റെ ഭാഗമായി 30 തൊഴിൽ കാർഡ് കൾ പരിശോദിച്ചു. പുതിയ തൊഴിൽ കാർഡിൽ തൊഴിലാളി കൾ ഒപ്പിട്ടിരുന്നില്ല. പഴയ കാർഡ് മാത്രം കൈവശം ഉള്ള തൊഴിലാളികളും ശ്രെദ്ധ യിൽ പെട്ടു.

## കണ്ടെത്തലുകൾ

*ഫീൽഡ് സന്ദര്നത്തിൽ നിന്നും മനസിലാക്കാൻ സാധിച്ചത് മഴ കുഴികൾ, കമ്പോസ്റ് കുഴികൾ, എന്നിവ എടുക്കുന്നതിൽ കൃത്യമായ അളവുകൾ ഉദ്യോഗസ്ഥരോ തൊഴിലാളികളോ പാലിച്ചിരുന്നില്ല.

*CIB സ്ഥാപിക്കുന്നതിൽ വീഴ്ച്ച വരുത്തിരിക്കുന്നു.

*ടാർപോളിൻ, ഫസ്റ്റ് എയ്ഡ് ബോക്സ്, കൈയുറ, കാലുറ, എന്നിവ ലഭിച്ചില്ല.

*ഡിസ്പ്ലേ ബോർഡ് പൈസ പിരിച്ച തൊഴിലാളി കൾ  വാങ്ങു ന്നതായി മനസിലായി.

*ഫയൽ ലിൽ രേഖ പെടുത്തി രിക്കുന്ന പ്രേവർത്തികൾക്കു പ്രാദാന്യം കൊടുക്കാതെ മറ്റു പ്രവർത്ത ഞങ്ങൾക്കു പ്രാദാന്യം നൽകുന്നു.

*തൊഴിലാളികൾക്കു 100 തൊഴിൽ ദിനങ്ങൾ ലഭിക്കുന്നില്ല.

*പുതിയ കാർഡ് ലഭിക്കാത്ത തൊഴിലാളി കളെയും കണ്ടു.

*മരച്ചീനി, വാഴ, ഇഞ്ചി എന്നിവ കൃഷി ചെയ്യുന്നതായും മനസിലാക്കി

## ജാഗ്രത മേൽനോട്ട സമിതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഏറ്റവും പ്രധാനപ്പെട്ട സംഘടനാപരമായ ഒരു വിഭാഗമാണ് ജാഗ്രത മേൽനോട്ട സമിതി.2018-19 മാസ്റ്റർ സർക്കുലർ പ്രകാരം ജാഗ്രത മേൽനോട്ട സമിതിയിൽ സമൂഹത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുകയും ജനസമ്മതനായ ഒരു വ്യക്തിയും ഒരു ജനപ്രതിനിധിയും വനിതകളും ഉൾപ്പെടുന്ന അഞ്ചുമുതൽ 7 വരെ അംഗങ്ങൾ അടങ്ങുന്ന കമ്മിറ്റി രൂപീകരിക്കുന്നത് ഗ്രാമസഭയിൽ വെച്ചാണ്. വാർഡ് തലത്തിൽ സ്വീകരിക്കേണ്ട ഈ കമ്മിറ്റിയിൽ അധ്യാപകർ, ആശാവർക്കേഴ്സ്, സഹായ സംഘങ്ങളിൽ നിന്നും ജോയിൻ ലൈബിലിറ്റി അംഗങ്ങൾ, യൂത്ത് ക്ലബ് അംഗങ്ങൾ, സൊസൈറ്റി അംഗങ്ങൾ മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ നിന്നുള്ള അംഗങ്ങൾ ആയിരിക്കണം വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി ഉൾപ്പെടുത്തേണ്ടത് പ്രാതിനിധ്യ സ്വഭാവത്തോടെ കൂടി ജനങ്ങളിൽനിന്ന് തെരഞ്ഞെടുക്കുന്ന കമ്മിറ്റിയുടെ കാലാവധി ചുരുങ്ങിയത് ആറു മാസം കാലവും പരമാവധി ഒരു വർഷവുമാണ് പ്രവർത്തിപ്രവൃത്തി നടക്കുമ്പോഴും വൃത്തിയാക്കുമ്പോഴും ഈ സമിതിക്ക് പ്രവർത്തി പരിശോധിക്കുവാനും തിരുത്തൽ നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ പഞ്ചായത്തിലെ രേഖാമൂലം അറിയിക്കാവുന്നതാണ് ഈ റിപ്പോർട്ടുകൾ വർക്ക് ഫയലിനെ ഭാഗമായി ഇരിക്കുന്നതും ഒരു കൺകറന്റ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് എന്ന നിലയിൽ പിന്നീട് ഗ്രാമസഭ നടത്തുന്ന സോഷ്യൽ ഓഡിറ്റ് ഇത് സഹായകമാവുകയും ചെയ്യും .

## <u>നിര്ദേശങ്ങള്</u>

പ്രാദേശിക ഭാഷയിലുള്ള എസ്റ്റിമേറ്റും പ്രവൃത്തി സ്ഥലങ്ങളില് ലഭ്യമാക്കണം.

തൊഴിലുറപ്പില് അനുവദനീയമായതും മുന്ഗണന ക്രമത്തിലും പ്രവൃത്തികള് ഏറ്റെടുക്കാന് ശ്രദ്ധിക്കേണ്ടതുണ്ട്.

ഉദ്യോഗസ്ഥര് രേഖകളില് ഒപ്പുവെക്കുമ്പോള് തീയ്യതി കൂടി രേഖപ്പെടുത്തേണ്ടാതാണ്.

വിജിലന്സ് ആന്ഡ് മോണിറ്ററിംഗ് കമ്മറ്റി അംഗങ്ങളെ ഓരോ ആറുമാസം കൂടുമ്പോൾ തിരഞ്ഞെടുക്കേണ്ടതാണ്. വിഎംസിയുടെ അഭിപ്രായങ്ങള് സൈറ്റ് ഡയറിയില് കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

തൊഴിലുറപ്പില് ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ആസ്തികള് ദീര്ഘകാല നിലനില്പ്പിന് ആവശ്യമായ സാങ്കേതിക നിര്ദ്ദേശങ്ങള്തൊഴിലാളികള്ക്ക് ഓവര്സീയര് മാര് നല്കേണ്ടതും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

തൊഴിലിടങ്ങളില് അടിസ്ഥാന സൌകര്യങ്ങള്നിര്ബന്ധമായും ഒരുക്കണം.

മണ്ണ് ജലസംരക്ഷണ പ്രവര്ത്തികളിൽ ഏറ്റെടുക്കുമ്പോൾ പ്രവര്ത്തി കാലാനുസൃതമാണെന്ന് ഉറപ്പുവരുത്തണം.

## ചര്ച്ച $മറുപടി

1.സരസമ്മ -100 പണികിട്ടയില്ല. 22 പണിയുടെ പൈസ കിട്ടാനും ഉണ്ട്.

അവശ്യ പെടുന്നതിനനുസരിച് പണി ലഭിക്കു മെന്നും, ഫണ്ട് വരാത്തതിനാലാണ് കൂലി കിട്ടാൻ വൈകുന്നതെന്നുംAE മറുപടി നൽകി.

2.കമലമ്മ -ഈ വര്ഷം22 പണി മാത്രമേ ലഭിച്ചുള്ളൂ

$രമണി

3.അമ്മിണി അമ്മ -കരം തീര്ന്ന രസീത് കൊടുത്തിട്ടു ആ ജോലി അവര്ക്കു കൊടുക്കാതെ വേറൊരു മാറ്റ് ആ പണി ചെയ്തു. അതെന്താണ്

അതിനെ പറ്റി AE അറിഞ്ഞില്ലെന്നും തിരക്കിട്ടു പറയാമെന്നും പറഞ്ഞു.

4.വത്സല -പണി സ്ഥലത്ത് വച്ച് കണ്ണിൽ പരിക്ക് ഏൽക്കുകയും എന്നാൽ ആനുകൂല്യം ലഭിച്ചില്ലെന്ന് അറിയിച്ചു.

മതിയായ രേഖകൾ ലഭിക്കാത്ത തിനാലാണ് കിട്ടാത്തതെന്നു AE അറിയിച്ചു.

5.സരസ്വതി -ഫസ്റ്റ് എയ്ഡ് ബോക്സ്, ടാർപോളിൻ, എന്നിവ പിരിച്ചെടുത്താണ് വാങ്ങിക്കുന്നത്.

ഒരു തവണ മാത്രമാണ് വാങ്ങിത്തരാൻ പറ്റുകയുള്ളു എന്നും പിന്നീട് വാടകയ്ക്കു എടുത്തു ഉപയോഗിക്കാൻ പറ്റു എന്നും AE അറിയിച്ചു. അതിന്റ റെസിപ്റ്റ് കൊണ്ടു വന്നാൽ പൈസ ലഭിക്കു മെന്നും AE അറിയിച്ചു.

6കെമലമ്മ, സരസമ്മ -100 പണി ചെയ്തു എന്നാൽ 1000rs കിട്ടിലാ.

അക്കൗണ്ടിൽ വന്നുകാണും. അല്ലാത്ത പക്ഷം അത് ശ്രെധികമെന്നും AE അറിയിച്ചു.

7.വത്സല -അടുത്ത പണി എന്നു ലഭിക്കും

അടുത്ത വർക്ക് കണ്ടെത്തേണ്ട താമസം എന്നു മറുപടി നൽകി.

8.കമലമ്മ -തൊഴിലുറപ്പ് സമയം കുറക്കണം

എന്നാൽ ഇത് ഇന്ത്യ യിലെ എല്ലാ സ്ഥലത്തെയും നിശ്ചിത സമയ മാണെന്നും അത് ഉടനെ മാറ്റാൻ കഴിയില്ലെന്നും AE അറിയിച്ചു.

എല്ലാവരുടെയും അവശ്യ വു മായിരുന്നു തൊഴിൽ സമയം കുറക്കണം എന്നുള്ളത്.

CIB മേറ്റ് നെ ചുമതല പെടുത്തി സ്ഥാപിക്കയും ക്രെമേണ അക്കൗണ്ടിൽ ഇട്ടു കൊടുക്കുകയും ചെയ്യുമെന്നും ജോലിക്കാർ സൈറ്റ് കണ്ടുപിടിച്ചു നൽകിയാൽ ജോലി ലഭിക്കുമെന്നും പുരയിട വൃത്തിയാക്കൽ, കൃഷി എന്നിവ ഇപ്പോൾ ഇല്ലെന്നും ആസ്തി സൃഷ്ടിക്കുന്ന തരത്തിലുള്ള തൊഴിലുകൾ മാത്രമാണ് എടുക്കുന്നത് എന്നും AE അറിയിച്ചു. മണ്ണ് ജല സംരക്ഷണ വർക്ക് ആണ് നിലവിൽ ഉള്ളത്.എന്നും AE അറിയിച്ചു.

## ഉപസംഗ്രഹം

പ്രവർത്തികൾ തിരഞ്ഞെടുക്കുമ്പോൾ  അതീവ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഭൂമിയെ പുനരുജ്ജീ വി  പ്പിക്കുന്നതിനും  അതുവഴി  സുസ്ഥിര വികസനം സാധ്യമാകുന്നതിനും ലക്ഷ്യം വെച്ചിട്ടു ള്ള തൊഴിലുറപ്പു പദ്ധതിയുടെ പ്ലാനിംഗ് , നടത്തിപ്പ് എന്നിവ സാമൂഹിക പാരിസ്ഥിക  മാനദണ്ഡങ്ങൾ പാലിച് കൊണ്ട് ശാസ്ത്രീയ മായിത്തന്നെ നടപ്പിലാക്കേണ്ടതുണ്ട്. എങ്ങനെയെങ്കിലും പ്രവർത്തി കൾ നടപ്പിലാക്കി ചെലവ് കൂട്ടുക എന്നും   തൊഴിലാളികൾക്ക് തൊഴിൽ ദിനങ്ങൾ കൂട്ടുക എന്നും മാത്രമാവരുത് നിലപാടുകൾ.   വ്യക്തമായ കാഴ്ചപ്പാടില്ലാതെ അശാസ്ത്രീയമായ രീതിയിൽ പ്രവർ ത്തികൾ തെരെഞ്ഞെടുക്കുന്നതും ചെയ്യുന്നതും , കാലാനുസൃതമല്ലാത്ത പ്രവർത്തികൾ ചെയ്യുന്ന തും ഇതിന്റെ യഥാർത്ഥ ലക്ഷ്യത്തെ കളങ്കപ്പെടുത്തുന്നതായി വിഷമത്തോടെ നോക്കി നിൽക്കേ ണ്ടി വരുന്നത് ആശങ്കാജനകമാണ്. ഈ സാമൂഹിക പരിശോധന ഒരു ഉയിർത്തെഴുന്നേൽപ്പിനു സാധ്യമാകുന്ന പ്രത്യാശയോടെ ഈ  റിപ്പോർട്ട് സമർപ്പിക്കുന്നു.

---

സോഷ്യല് ഓഡിറ്റ് പ്രവര്ത്തന ങ്ങളില് പങ്കാളികള് ആയവര്

**തൊഴിലുറപ്പ്  വിഭാഗം ഉദ്യോഗസ്ഥര്**
**വാര്ഡിലെ  തൊഴിലാളികള്**
**മേറ്റ് മാര്**
**പഞ്ചായത്ത് ഭരണ സമിതി  അംഗങ്ങള്**
**പഞ്ചായത്ത്  ഉദ്യോഗസ്ഥര്**
**കുടുംബശ്രീ  പ്രവര്ത്തകര്**

അനുബന്ധം- 1-

## തൊഴിലുറപ്പുപദ്ധതിയിൽഏറ്റെടുത്ത്ചെയ്യാൻപറ്റിയപ്രവൃത്തികൾ

1. **വിഭാഗംഎ**
   **:**പ്രകൃതിവിഭവപരിപാലനവുമായിബന്ധപ്പെട്ടപൊതുപ്രവൃത്തികൾ
2. **വിഭാഗംബി:**
   സമൂഹത്തിൽഅവശതഅനുഭവിക്കുന്നവിഭാഗങ്ങൾക്കുള്ളവ്യക്തിഗത ആസ്തികൾഖണ്ഡിക 5ൽപരാമർശിക്കുന്നകുടുംബങ്ങൾക്കുമാത്രം
3. **വിഭാഗംസി:**
   ദേശീയഗ്രാമീണഉപജീവനമിഷൻനിബന്ധനകൾഅനുസരിക്കുന്നസ്വയം സഹായസംഘങ്ങൾക്ക്പൊതുഅടിസ്ഥാനസൗകര്യങ്ങൾ
4. **വിഭാഗംഡി:** ഗ്രാമീണഅടിസ്ഥാനസൗകര്യങ്ങൾ

അനുബന്ധം: **വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരുടെ ചുമതലകള്.**

**<u>മേറ്റ് മാരുടെ </u> ചുമതലകള്.**

പ്രവൃത്തി സ്ഥലങ്ങളില് പ്രവൃത്തിയുടെ മേല്നോട്ടം.

തൊഴില് കാര്ഡില് ആവശ്യമുള്ള വിവരങ്ങള് രേഖപ്പെടുത്തുക.

മസ്റ്റര് റോളില് തൊഴിലാളികളുടെ ഹാജര് ഉറപ്പു വരുത്തുക .

മേറ്റ്മാരുടെ പരിശീലനങ്ങളില് പങ്കെടുക്കുകഅറിവുകൾ . തൊഴിലാളികളുമായി പങ്കുവെക്കുക

പ്രവൃത്തി ഇടങ്ങളില് ആവശ്യ മായ സൌകര്യങ്ങള് ഉണ്ടോ എന്ന് ഉറപ്പു വരുത്തുക

സൈറ്റ് ഡയറിയില് മോണിറ്ററിംഗിന് വരുന്ന ഉദ്യോഗസ്ഥരെ കൊണ്ട് ഒപ്പ് വയ്പ്പിക്കണം

തൊഴിലാളികള്ക്ക് അവരുടെ പത്തു അവകാശങ്ങളെ കുറിച്ച് പറഞ്ഞു കൊടുക്കുകയും അവരെ ബോധാവത്കരിക്കുകയും ചെയ്യുക

പുതിയ തൊഴില് ഇടങ്ങള് കണ്ടെത്തുവാനും പുതിയ തൊഴില് ആസൂത്രണം ചെയ്യുവാനും തൊഴിലാളികളെ സഹായിക്കുക .

കൃത്യമായി സോഷ്യല് ഓഡിറ്റ് ഗ്രാമസഭയിലും,പ്രൊജക്റ്റ് മീറ്റിങ്ങിലും പരിശീലന ക്യാമ്പിലും പങ്കെടുക്കുക.

മറ്റു തൊഴിലാളികള്ക്ക് കൂടി മേറ്റ് ന്റെ ചുമതലകളിലേക്ക് കടന്നു വരാനുള്ള സാഹചര്യം ഉണ്ടാക്കുക

തൊഴിലാളികളുമായി നിരന്തര സമ്പര്ക്കം പുലര്ത്തുകയും കൂടുതല് ബന്ധം സ്ഥാപിക്കുകയും ചെയ്യുക.

**<u>ഓവര്സീയര് എഞ്ചിനീയര്/</u>**

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കല്.

പ്രവൃത്തിയുടെ സാങ്കേതിക കാര്യങ്ങളും അളവുകളും തൊഴിലാളികള്ക്ക് പറഞ്ഞു കൊടുക്കുക.

പ്രവൃത്തിയുടെ അളവുകള് രേഖപ്പെടുത്തി കൂലിനല്കുന്നതി നാവശ്യമായ നടപടികള് ചെയ്യുക.

**<u>പഞ്ചായത്ത് സെക്രട്ടറി /അസിസ്റ്റന്റ് സെക്രട്ടറി</u>**

പദ്ധതിയുടെ മേല്നോട്ടം.

ബില്ലുകള് അംഗീകരിക്കല്.

തൊഴിലാളികളുടെ വേതനം യഥാസമയം അവരുടെ എക്കൌണ്ടില് എത്തിയെന്നത് ഉറപ്പു വരുത്തല്.

മസ്റ്റര് റോള് സാക്ഷ്യപ്പെടുത്തി തൊഴില് അനുമതി നല്കുക ,